ത്രീയേക ദൈവത്തിനു സ്തുതി

## മാർ ഗ്രീഗോറിയോസ് മൂവ്മെന്റ് കുവൈറ്റ്

## വാർഷിക റിപ്പോർട്ട് 2022-23

ക്രിസ്തു ശിഷ്യനും, അപ്പോസ്തോലനുമായ, മാർത്തോമാ ശ്ലീഹായുടെ പുണ്യപാദ സ്പർശനങ്ങളാൽ പരിപാവനമായ ഭാരത മണ്ണിൽ വേരൂന്നി വളർന്ന AD-52-ൽ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചു തിരുമേനിയുടെ നാമധേയത്തിൽ കൽക്കട്ട ഭദ്രാസനത്തിനു കീഴിൽ കുവൈറ്റിൽ സ്ഥാപിതമായ സെൻറ്. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന ആത്മീയ ജീവകാരുണ്യ പ്രസ്ഥാനമായ മാർ ഗ്രീഗോറിയോസ് മൂവ്മെന്റിന്റെ 2022-23 വർഷത്തെ വാർഷിക റിപ്പോർട്ട്.

**"യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക, ദേശത്ത് പാർത്ത് വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നെ രസിച്ചു കൊൾക, അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും" - സങ്കീർത്തനങ്ങൾ 37: 3,4.**

സർവ്വശക്തനും കാരുണ്യവാനുമായ ത്രീയേക ദൈവത്തിന്റെ അനുഗ്രഹങ്ങളെയും കൃപകളെയും നന്ദിപൂർവം സ്മരിച്ചുകൊണ്ട് പരി. പരുമല കൊച്ചു തിരുമേനിയുടെ അനുഗ്രഹം സദാവർഷിച്ചു കൊണ്ടിരിക്കുന്നതമായ മാർ ഗ്രീഗോറിയോസ് മൂവ്മെന്റിന്റെ 2022-23 വർഷത്തെ പ്രവർത്തന റിപ്പോർട്ട് പൊതുയോഗ മുമ്പാകെ സദയം സമർപ്പിച്ചുകൊള്ളുന്നു.

2023 മാർച്ച് മാസം 31-)o വരെയുള്ള രേഖകൾ പ്രകാരം എംജിഎം പ്രസ്ഥാനത്തിന്റെ കുവൈറ്റിൽ ഉള്ള അംഗങ്ങളുടെ എണ്ണം 264 ആണ്.

### 01. എംജിഎം ഭരണസമിതി –

2022 ഏപ്രിൽ മാസം 2-)o തീയതി അബ്ബാസിയ സെൻറ്. ബസേലിയോസ് ചാപ്പലിൽ വെച്ച് ഇടവക വികാരിയും പ്രസ്ഥാനത്തിന്റെ പ്രെസിഡന്റുമായ ബഹു. ജിജു ജോർജ് അച്ചന്റെ മഹനീയ അധ്യക്ഷതയിൽ കൂടിയ പ്രസ്ഥാനത്തിന്റെ തിരഞ്ഞെടുപ്പ് പൊതുയോഗത്തിൽ വെച്ച് 2022-23 പ്രവർത്തന വർഷത്തേക്കുള്ള ഭരണ സമിതിയെ തിരഞ്ഞെടുത്തു.

2022-23 പ്രവർത്തന വർഷത്തെ ഭരണ സമിതി അംഗങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

| MANAGING COMMITTEE 2022 - 2023 | | |
|---|---|---|
| SL. # | DESIGNATION | NAME |
| 01. | PRESIDENT | Rev. Fr. GIJU GEORGE (01.04.2022 - 30.06.2022) |
| | | Rev. Fr. LIJU K. PONNACHAN (01.07.2022 - 31.03.2023) |
| 02. | VICE PRESIDENT | Mr. SHIBU V. MATHEW |
| 03. | SECRETARY | Mr. JACOB ROY |
| 04. | TRUSTEE | Mr. NINAN THOMAS |
| 05. | JOINT SECRETARY | Mr. SANTHOSH K. MATHEW |
| 06. | CULTURAL SECRETARY | Mr. DEEPAK ALEX PANICKER |

| | | |
|---|---|---|
| 07. | FELLOWSHIP COORDINATOR | Mr. SAJU CHERIAN |
| 08. | EX-OFFICIO | Mr. JOBY JOHN |
| 09. | AUDITORS | Mr. JACOB V. C. VARGHESE |
| 10. | | Mr. NAVEEN KURIEN THOMAS (01.04.2022 - 11.09.2022) |
| | | Mr. JACOB GEORGE (11.09.2022 - 31.03.2023) |
| **NOMINATED COMMITTEE MEMBERS** | | |
| 11. | ST. DIONYSIUS, ST. JOHNS ST. ANDREWS, ST. JAMES, ST. PETERS & ST. STEPHENS | Mr. THOMAS MATHEW K. |
| 12. | ST. JOSEPH & ST. MARYS | Mr. BIJI PAUL |
| 13. | ST. GEORGE, ST. JUDE, ST. MATHEWS & ST. KURIAKOSE | Mr. MATHEW THOMAS VATTIYANICKAL |
| 14. | ST. APREM, ST. PAULS & ST. MARK | Mr. K. A. VARGHESE |
| 15. | ST. THOMAS, ST. GREGORIOS & ST. LUKE | Mr. SAJI CHERIAN |
| 16. | ST. IGNATIUS, ST.PHILIPOSE, ST. ELIAS & ST. BEHANAN | Mr. SHAJI GEORGE |
| **COMMITTEE MEMBERS** | | |
| 17. | ST. DIONYSIOUS & ST. ANDREWS | Mr. THOMAS JOY |
| 18. | ST. JAMES & ST. JOHNS | Mr. JIJO GEORGE |
| 19. | ST. PETER'S & ST. STEPHEN'S | Mr. VARGHESE ROY |
| 20. | ST. JOSEPH & ST. MARY'S | Mr. JOJO GEORGE VARGHESE |
| 21. | ST. GEORGE & ST. JUDE | Mr. SAJI VARGHESE |
| 22. | ST. MATHEW'S & ST. KURIAKOSE | Mr. SAJAN PHILIPOSE |
| 23. | ST. PAUL'S | Mr. MAYBU MATHEW |
| 24. | ST. APREM | Mr. SHIBU JACOB |
| 25. | ST. MARK | Mr. SHELVY OONNOONNY |
| 26. | ST. THOMAS & ST. GREGORIOS | Mr. BIJU DANIEL |
| 27. | ST. LUKE & ST.BEHANANS | Mr. PHILIP THOMAS |
| 28. | ST. ELIAS | Mr. JACOB THOMAS |
| 29. | ST. IGNATIUS & ST. PHILIPOSE | Mr. LIJO PHILIP |
| 30. | LADY REPRESENTATIVES | Mrs. SHINEY KURIAN |
| 31. | WEB MASTER | Mr. THOMAS VARGHESE V. |

02. **പൊതുയോഗം** –

പ്രസ്ഥാനത്തിന്റെ വിവിധ കർമ്മ പദ്ധതികളെ കുറിച്ച് ആലോചിക്കുവാനും ഉചിതമായ തീരുമാനങ്ങൾ കൈകൊള്ളുവാനും പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിനായി നടപ്പു വർഷം 4 പൊതുയോഗങ്ങൾ കൂടുകയുണ്ടായി.

03. **മാനേജിങ് കമ്മിറ്റി യോഗങ്ങൾ** –

എംജിഎം പ്രസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ വേണ്ടിയും എംജിഎം പൊതുയോഗത്തിന്റെ നിർദേശങ്ങൾ നടപ്പിലാക്കുവാൻ വേണ്ടിയും നടപ്പുവർഷം 15 തവണ മാനേജിങ് കമ്മിറ്റി കൂടുകയും കാര്യക്രമീകരണങ്ങൾ നടത്തുകയും ചെയ്ത്.

04. **പ്രാർത്ഥനയോഗങ്ങൾ** –

എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ച വൈകിട്ട് 7.00 മണിക്ക് എംജിഎം കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് ഇടവക വികാരിയുടെ നേത്രത്വത്തിൽ പ്രാർത്ഥനയോഗങ്ങൾ ക്രമീകരിക്കുവാൻ സാധിച്ചു. ഇടവകയിൽ സന്ദർശനം നടത്തുന്ന പട്ടക്കാരെ പ്രാർത്ഥനയോഗങ്ങളിലേക്കു ക്ഷണിക്കുകയും അവർ പ്രാർത്ഥനയോഗങ്ങളിൽ പങ്കെടുത്തു ദൂതുകൾ നൽകുകയും ചെയ്തു.

പ്രാർത്ഥനയോഗങ്ങളിൽ ജന്മദിനം, വിവാഹ വാർഷികം എന്നിവ ആചാരിച്ച അംഗങ്ങൾക്ക് വേണ്ടിയും രോഗത്താൽ ബുദ്ധിമുട്ടുന്നവർക്കു വേണ്ടിയും പ്രത്യേക പ്രാർത്ഥനയും നടത്തി വരുന്നു. കൂടാതെ അംഗങ്ങളുടെയോ, അവരുടെ ബന്ധുമിത്രാദികളുടെയോ ദേഹവിയോഗത്തിൽ പ്രസ്ഥാനത്തിന്റെ അനുശോചനം അറിയിക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയുന്നു.

നടപ്പുവർഷം 6 പ്രാർത്ഥനയോഗങ്ങൾ നടത്തുകയുണ്ടായി. പ്രാർത്ഥനയോഗങ്ങൾ ഏകോപിപ്പിച്ച ഫെല്ലോഷിപ്പ് കോഓർഡിനേറ്റർ ശ്രീ. സജു ചെറിയാനോടും, വളരെ മനോഹരമായി ഗാനങ്ങൾ ആലപിച്ച എംജിഎം മെലഡിസിനോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

05. **HUBO 2022** –

എംജിഎം പ്രസ്ഥാനത്തിലെ കുവൈറ്റിലെ അംഗങ്ങളെയും സ്ഥിര താമസത്തിനായി കുവൈറ്റിൽ നിന്നും നാട്ടിലേക്ക് മടങ്ങിയ അംഗങ്ങളെയും ഉൾകൊള്ളിച്ചു കൊണ്ട് 2018-ൽ ആരംഭം കുറിച്ച HUBO-യുടെ രണ്ടാം പതിപ്പ് HUBO 2022 എന്ന പേരിൽ ഈ പ്രവർത്തന വർഷം ജൂൺ മാസം 3-)ം തീയതിൽ പരുമല പള്ളിയിൽ വെച്ച് നടത്തുകയുണ്ടായി. രാവിലെ പരുമല പള്ളിയിൽ വെച്ച് നടന്ന വി. കുർബ്ബാനയും, തുടർന്ന് ഇടവക മെത്രാപോലിത്ത അഭി. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെയും അധ്യക്ഷതയിൽ കൂടിയ കുടുംബ സംഗമത്തിൽ മലങ്കര സഭയുടെ അസോസിയേഷൻ സെക്രട്ടറി ശ്രീ. ബിജു ഉമ്മൻ, പ്രസ്ഥാനത്തിന്റെ മുൻ പ്രസിഡന്റുമാർ എന്നിവരുടെ മഹനീയ സാന്നിധ്യം കൊണ്ട് ധന്യമായി. തുടർന്ന് 110 അംഗങ്ങൾ പങ്കെടുത്ത പരിപാടി സ്നേഹ വിരുന്നിനോട് കൂടി പര്യവസാനിച്ചു.

പ്രസ്തുത പരിപാടി ഒരു വിജയമാക്കി തീർക്കുവാൻ വേണ്ടി പ്രയത്നിച്ച കൾച്ചറൽ സെക്രട്ടറി ശ്രീ. ദീപക് അലക്സ് പണിക്കർ, വൈസ് പ്രസിഡന്റ് ശ്രീ. ഷിബു വി. മാത്യു, നോമിനേറ്റഡ് കമ്മിറ്റി അംഗം ശ്രീ. തോമസ് മാത്യു കെ. കമ്മിറ്റി അംഗം, ശ്രീ. മെയ്ബു മാത്യു, വെബ്മാസ്റ്റർ ശ്രീ. തോമസ് വർഗീസ് വി., ശ്രീ. ജോൺ പി. ജോസഫ്, ഗാനങ്ങൾ ആലപിച്ച ശ്രീ. ജോസഫ് ജോർജിന്റെ നേത്രത്വത്തിൽ ഉള്ള എംജിഎം മെലഡീസ് ടീം, പരിപാടിക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകിയ പ്രസ്ഥാന പ്രസിഡന്റ് റവ. ഫാ. ജിജു ജോർജ്, എംജിഎം മാനേജിങ് കമ്മിറ്റി അംഗങ്ങൾ, സംഭാവനകൾ നൽകി സഹായിച്ച അംഗങ്ങൾ എന്നിവരോടുള്ള നന്ദിയും സ്നേഹവും ഈ തരുണത്തിൽ അറിയിക്കുന്നു.

06. **Footprints 2022** –

എംജിഎം-ലെ കുഞ്ഞുങ്ങൾക്കായി വർഷം തോറും നടത്തി വരുന്ന Personality Development Workshop, Footprint 2022 എന്ന പേരിൽ ഈ വർഷം 2022 ഓഗസ്റ്റ് മാസം 26-)ം തീയതി രാവിലെ 10 മണി മുതൽ 1 മണി വരെ അബ്ബാസിയ പോപ്പിൻസ് ഹാളിൽ വെച്ച് വെച്ച് നടത്തപ്പെട്ടു. 45 കുഞ്ഞുങ്ങൾ പങ്കെടുത്ത രണ്ടു സെഷനുകളായി നടത്തിയ പരിപാടിയിൽ റവ. ഫാ. ദിനു എം. ഡാനിയേൽ, റവ. ഫാ. ഗീവർഗീസ്

ജോൺ മണ്ണന്തറ എന്നിവർ കുഞ്ഞുങ്ങൾക്ക് ഉപകാര പ്രദമായ രീതിയിൽ ക്ലാസ്സുകൾ എടുത്തു.

ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച കൾച്ചറൽ സെക്രട്ടറി ശ്രി. ദീപക് അലക്സ് പണിക്കർ, ജോയിന്റ് കൺവീനർമാരായ ശ്രി. വർഗീസ് റോയ്, ശ്രി. ലിജോ ഫിലിപ്പ് എന്നിവരോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

07. **MGM Night Out** –

എംജിഎം-ന്റെ ഈ വർഷത്തെ Kabd Night Out സെപ്റ്റംബർ മാസം 22, 23 തീയതികളിൽ നടത്തപ്പെടുകയുണ്ടായി. 154 അംഗങ്ങൾ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച കൺവീനർ ശ്രി. ദീപക് അലക്സ് പണിക്കർ, ജോയിന്റ് കൺവീനർമാരായ ശ്രി. സന്തോഷ് കെ. മാത്യു, ശ്രി. വർഗീസ് റോയ്, ഫുഡ് കൺവീനർ ആയി പ്രവർത്തിച്ച ശ്രി. സജി ചെറിയാൻ എന്നിവരോടുള്ള നന്ദിയും സ്നേഹവും ഈ തരുണത്തിൽ അറിയിക്കുന്നു.

08. **Reception to H. H. Moran Mar Baselios Marthoma Mathews III** –

2021 ഒക്ടോബർ മാസം 15-)ം തീയതി പരുമല പള്ളിയിൽ വെച്ച് മലങ്കര സഭയുടെ പരമാധ്യക്ഷനായി സ്ഥാനമേറ്റ കിഴക്കിന്റെ ഒൻപതാമത് കാതോലിക്കയും ഇരുപത്തിരണ്ടാമത് മലങ്കര മെത്രാപ്പോലീത്തയുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് തന്റെ കുവൈറ്റിലേക്കുള്ള പ്രഥമ ശ്ലൈഹീക സന്ദർശനത്തിനായി എഴുന്നള്ളിവന്നപ്പോൾ ഊഷ്മളമായ സ്വീകരണം നൽകുവാൻ പ്രസ്ഥാനത്തിന് സാധിച്ചു. ഒക്ടോബർ മാസം 19-)ം തീയതി കുവൈറ്റിൽ എത്തിച്ചേർന്ന പരി. പിതാവിനെയും ഇടവക മെത്രാപോലിത്ത അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയെയും മഹാ ഇടവകയോടൊപ്പം ചേർന്ന് നിന്ന് കൊണ്ട് പ്രസ്ഥാന ഭാരവാഹികൾ വിമാനത്താവളത്തിൽ വെച്ച് സ്വീകരിച്ചു.

എംജിഎം മഹാ ഇടവകയിലെ മറ്റു ആത്മീയ ജീവകാരുണ്യ പ്രസ്ഥാനങ്ങളായ ഇന്ത്യൻ ഓർത്തഡോക്സ് മേഴ്സി ഫെല്ലോഷിപ്പ്, മാർ ബസേലിയോസ് മൂവ്മെന്റ് എന്നിവരുമായി ചേർന്ന് ഒക്ടോബർ 19-)ം തീയതി വൈകിട്ട് അബ്ബാസിയ Aspire Indian School-ൽ വെച്ച് സ്വീകരണ സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ വെച്ച് എംജിഎം പ്രസ്ഥാനത്തിന്റെ ചരിത്രം സെക്രട്ടറി വായിക്കുകയുണ്ടായി. കാലം ചെയ്ത പരി. മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം പരി. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ആരംഭിച്ച സഹോദരൻ പദ്ധതിയിലേക്ക് പ്രസ്ഥാനത്തിന്റെ കൈസഹായമായി INR 5,00,000 വേദിയിൽ വെച്ച് പ്രസ്ഥാന ഭാരവാഹികൾ പരി. പിതാവിന് കൈമാറി.

പരി. പിതാവിന്റെ സ്വീകരണ പരിപാടി വിജയമാക്കി തീർക്കുവാൻ വേണ്ടി പ്രയത്നിച്ച ശ്രി. ദീപക് അലക്സ് പണിക്കർ, എല്ലാ മനങ്ങിങ് കമ്മിറ്റി അംഗങ്ങളോടും, പ്രസ്ഥാന അംഗങ്ങളോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

09. **ഇടവക ഹാർവെസ്റ്റ് ഫെസ്റ്റിവൽ** –

ഇടവകയുടെ ഹാർവെസ്റ്റ് ഫെസ്റ്റിവലിനോട് അനുബന്ധിച്ചു മുൻ പതിവ് പോലെ Early Bird Winner നറുക്കെടുപ്പിനായി KD 75/- നൽകി. ഹാർവെസ്റ്റ് ഫെസ്റ്റിവലിന്റെ മാറ്റ് കൂട്ടുന്നതിനും പരിപാടിയിൽ എംജിഎം പ്രസ്ഥാനത്തിന്റെ സാന്നിധ്യം അറിയിക്കുന്നതിനായി പ്രസ്ഥാനത്തിന്റെ അംഗങ്ങൾ അണിയിച്ചൊരുക്കിയ പരി. പരുമല കൊച്ചു തിരുമേനിയുടെ ജീവ ചരിത്രം വിവരിച്ചു കൊണ്ടുള്ള വില്ലടിച്ചാൻപാട്ടു അവതരിപ്പിച്ചു. ഇതിനായി നേതൃത്വം നൽകിയ കൾച്ചറൽ

സെക്രട്ടറി ശ്രീ. ദീപക് അലക്സ് പണിക്കർ, ശ്രീ. സജി ചെറിയാൻ എംജിഎം കമ്മിറ്റി അംഗങ്ങൾ, പ്രസ്ഥാന അംഗങ്ങൾ എന്നിവരോടുള്ള നന്ദി ഈ തരുണത്തിൽ അറിയിക്കുന്നു.

10. **പരുമല പെരുനാൾ ത്രിദിന കൺവെൻഷൻ - സദിക്കോ '22** –

കുവൈറ്റ് സെൻറ്. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ പെരുന്നാളിനോട് അനുബന്ധിച്ചും ഇടവകയുടെയും പ്രസ്ഥാനത്തിന്റെയും കാവൽ പിതാവായ പരി. പരുമല കൊച്ചു തിരുമേനിയുടെ 120-)o ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ചു മൂന്ന് ദിവസത്തെ കൺവെൻഷൻ ഒക്ടോബർ 30, 31, നവംബർ 2 തീയതികൾ നടത്തപ്പെട്ടു. അബ്ബാസിയ സെൻറ്. ബസേലിയോസ് ചാപ്പൽ, സാൽമിയ സെൻറ്. മേരീസ് ചാപ്പൽ എന്നിവടങ്ങളിൽ വെച്ച് നടത്തപ്പെട്ട കൺവെൻഷനിൽ ഇടവക വികാരിയും പ്രസ്ഥാന പ്രെസിഡന്റുമായ റവ. ഫാ. ലിജു കെ. പൊന്നച്ചൻ, കുവൈറ്റിലെ സഹോദരി ഇടവകകളായ സെൻറ്. ബേസിൽ ഇടവക വികാരി റവ. ഫാ. മാത്യു എം. മാത്യു, സെൻറ്. സ്റ്റീഫൻസ് ഇടവക വികാരി റവ ഫാ. ജേക്കബ് ജോൺ എന്നിവർ വിവിധ ദിവസങ്ങളിൽ വചന ശുശ്രൂഷ നിർവ്വഹിച്ചു.

കൺവെൻഷന്റെ വിജയത്തിനായി പ്രവർത്തിച്ച കൺവീനർ ശ്രീ. സജു ചെറിയാൻ, സബ് കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ച ശ്രീ. സന്തോഷ് കെ. മാത്യു, ശ്രീ. തോമസ് ജോയ്, ശ്രീ. തോമസ് മാത്യു കെ, ശ്രീ. ഷെൽവി ഉണ്ണൂണ്ണി എന്നിവരോടും, മാനേജിങ് കമ്മിറ്റി അംഗങ്ങളോടും ഉള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

11. **പരുമല പെരുന്നാളും കുടുംബ സംഗമവും** –

ഇടവകയുടെയും പ്രസ്ഥാനത്തിന്റെയും കാവൽ പിതാവായ പരി. പരുമല തിരുമേനിയുടെ ഓർമ്മ പെരുന്നാളും, പ്രസ്ഥാനത്തിന്റെ കുടുംബ സംഗമവും 2022 നവംബർ മാസം 8-)o തീയതി വി. കുർബ്ബാനക്ക് ശേഷം മലങ്കര സഭയുടെ നവാഭിഷിക്തനായ ചെന്നൈ ഭദ്രാസന മെത്രാപോലിത്ത അഭി. ഗീവര്ഗീസ് മാർ ഫിലക്സിനോസ് മെത്രാപോലിത്ത, ഇടവക വികാരി റവ. ഫാ. ലിജു കെ. പൊന്നച്ചൻ എന്നിവരുടെ നേത്രുത്വത്തിൽ NECK-യിൽ വെച്ച് നടത്തപ്പെട്ടു.

ബഹു. ഇടവക വികാരി അധ്യക്ഷത വഹിച്ച കുടുംബ സംഗമത്തിൽ അഭി. ഗീവര്ഗീസ് മാർ ഫിലക്സിനോസ് മെത്രാപോലിത്ത അനുഗ്രഹ പ്രഭാഷണം നടത്തുകയും, പരി. പരുമല തിരുമേനിയോടുള്ള മധ്യസ്ഥ പ്രാർത്ഥനയും നടത്തുകയുണ്ടായി. കുടുംബ സംഗമത്തിൽ വെച്ച് ഈ വർഷം ഇദംപ്രഥമായി 2021-22 അധ്യയനവർഷത്തിൽ 10,12 ക്ലാസ്സുകളിൽ ബോർഡ് എക്സാം എഴുതി വിജയിച്ച എംജിഎം പ്രസ്ഥാനത്തിലെ 18 കുഞ്ഞുങ്ങളെ അനുമോദിച്ചുകൊണ്ടു സെർട്ടിഫിക്കറ്റും പൂച്ചെണ്ടും നൽകുകയുണ്ടായി. അന്നേ ദിവസം വി. കുർബ്ബാനക്ക് ശേഷം നേർച്ച നൽകുകയും, കുടുംബ സംഗമത്തിന് ശേഷം സ്നേഹ വിരുന്നും നടത്തുകയുണ്ടായി.

10, 12 ക്ലാസ്സുകളിൽ വിജയിച്ചു കുഞ്ഞുങ്ങളുടെ വിവരങ്ങൾ:

| Sl. No. | Name of Student | Class | Name of Parents | MGM ID | Prayer Group |
|---|---|---|---|---|---|
| 01. | Alen Binu Thomas | 10 | Binu Thomas (Late)<br>Manju Maria John | 386/B028 | St. Mathews |
| 02. | Christina Ann Pinto | 10 | Pinto T. K.<br>Anu Ninan Pinto | 376/P013 | St. Josephs |
| 03. | Daniel John Varghese | 10 | Seby Varghese<br>Elezy Philip | 335/S049 | St. Josephs |
| 04. | Diya Roy | 10 | Roy N. K.<br>Bissy Roy | 299/R018 | St. Ignatius |

| | | | | | |
|---|---|---|---|---|---|
| 05. | Evana Elsa Varughese | 10 | Thomas Varghese V.<br>Jini Mathew | 244/T020 | St. James |
| 06. | Ivin Varghese Rajesh | 10 | Rajesh P. Varughese<br>Siny Rajesh | 270/R015 | St. Gregorios |
| 07. | Jinsa Mariam Thomas | 10 | Thomas Chacko<br>Jessy Ponnachan | 486/T032 | St. Thomas |
| 08. | Melvin Oommen Mathew | 10 | Oommen Mathew<br>Annamma Mathew | 350/O002 | St. Gregorios |
| 09. | Nayan Elsa Maybu | 10 | Maybu Mathew<br>Liza Mathew | 263/M033 | St. Pauls |
| 10. | Sandra Susan Suraj Varghese | 10 | Suraj Raju Varghese<br>Sneha Suraj Varghese | 432/S064 | St. Philipose |
| 11. | Aileen Mariam Daniel | 12 | Daniel Varghese<br>Liji N. Oommen | 315/D003 | St. Marks |
| 12. | Aleena Ann Ninan | 12 | Ninan Thomas<br>Neetu Ninan | 298/N002 | St. Elias |
| 13. | Allen Mathew | 12 | Mathew Varghese K. G.<br>Annamma John | 423/M047 | St. Aprem |
| 14. | Angel Sabu | 12 | Sabu Varghese<br>Deepa Andrews | 294/S044 | St. Thomas |
| 15. | Ann Moni Jacob | 12 | Monachan N. C.<br>Elizabath Monachan | 266/M034 | St. Dionysius |
| 16. | Geoffrey George Thomas | 12 | Thomas George<br>Sunu Thomas | 217/T019 | St. Dionysius |
| 17. | Greeta Ittoop | 12 | John C. Ittoop<br>Leena John | 284/J046 | St. Elias |
| 18. | Jeffy Ann Saji | 12 | Saji Varghese<br>Anney P. John | 328/S048 | St. George |

നവംബർ 4, 5 തീയതികളിൽ നടത്തപ്പെട്ട ഇടവകയുടെ പെരുന്നാളിനോട് അനുബന്ധിച്ചു 4-)o തീയതി NECK-ൽ നേർച്ച നൽകുകയുണ്ടായി. പരുമല പെരുന്നാളിന്റെയും കുടുംബ സംഗമത്തിന്റെയും വിജയത്തിനായി പ്രവർത്തിച്ച ശ്രി. ദീപക് അലക്സ് പണിക്കർ, ശ്രി. സജി ചെറിയാൻ, ശ്രി. ബിജു ഡാനിയേൽ, നേർച്ച കാഴ്ചകൾ നൽകി സഹകരിച്ച എല്ലാ എംജിഎം അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും ഈ തരുണത്തിൽ അറിയിക്കുന്നതിനൊപ്പം പരി. പരുമല തിരുമേനിയുടെ മധ്യസ്ഥത എല്ലാവർക്കും കാവലും കോട്ടയും അനുഗ്രഹവുമായി തീരട്ടെ എന്ന് ആശംസിക്കുന്നു.

## 12. ക്രിസ്തുമസ് കരോൾ –

2000 വർഷങ്ങൾക്കു മുമ്പ് ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ ജാതനായി നമ്മുടെ രക്ഷകനായ യേശു ക്രിസ്തുവിന്റെ ജനനത്തിന്റെ ഓർമ്മകൾ പുതുക്കുന്ന ക്രിസ്തുമസിന്റെ ദൂത് അറിയിച്ചുകൊണ്ട് പ്രസ്ഥാനത്തിന്റെ കരോൾ സംഘം മൂന്ന് ഗ്രൂപ്പുകളായി എംജിഎം അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ചു. കോവിഡ് മഹാമാരി മൂലം 2 വർഷത്തെ ഇടവേളക്കു ശേഷം ഈ വർഷം പുനരാരംഭിച്ച കരോളിന് അബ്ബാസിയ, റിഗ്ഗയി, ഫർവാനിയ, ഖൈത്താൻ ഏരിയകൾ സന്ദർശിച്ച കരോൾ സംഘത്തിന്റെ കൺവീനറായി പ്രവർത്തിച്ച ശ്രി. ജോൺ പി. ജോസഫിനോടും, സാൽമിയ, സിറ്റി, ഫഹാഹീൽ ഏരിയകൾ സന്ദർശിച്ച സംഘത്തിന്റെ കൺവീനറായി പ്രവർത്തിച്ച ശ്രി. തോമസ് ജോയിയോടും, ഈ വർഷത്തെ കരോൾ ശുശ്രൂഷകൾ വിജയകരമാക്കി തീർക്കുവാൻ സഹകരിച്ച എല്ലാ എംജിഎം കുടുംബാംഗങ്ങളോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## 13. ക്രിസ്തുമസ് പുതുവത്സര ആഘോഷം –

2022-ലെ ക്രിസ്തുമസ് പുതുവത്സര കുടുംബ സംഗമം 2022 ഡിസംബർ മാസം 29-)ം തീയതി വൈകിട്ട് 6.30 മുതൽ അബ്ബാസിയ യുണൈറ്റഡ് ഇന്ത്യൻ സ്കൂളിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. ഇടവക വികാരി റവ. ഫാ. ലിജു കെ. പൊന്നച്ചൻ അധ്യക്ഷത വഹിച്ചു പരിപാടിയിൽ മലങ്കര സഭയുടെ ബാംഗ്ലൂർ ഭദ്രാസന മെത്രാപോലിത്ത അഭി. എബ്രഹാം മാർ സെറാഫിം തിരുമേനിയും, റവ. ഫാ. ഡോ. ബിജു ജോർജ് പാറക്കൽ അച്ചനും ക്രിസ്തുമസ് ദൂത് നൽകുകയും ചെയ്തു. എംജിഎം മെലോഡീസും എംജിഎം കുടുംബാഗങ്ങളും അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ആഘോഷ രാവിന്റെ മാറ്റുകൂട്ടി എന്നത് എടുത്തു പറയേണ്ടതാണ്. അന്നേ ദിവസം സ്നേഹവിരുന്ന് നടത്തപ്പെട്ടു.

പരിപാടിയുടെ ക്രമീകരണങ്ങൾക്കായി പ്രവർത്തിച്ചു ശ്രീ. ദീപക് അലക്സ് പണിക്കർ, ജോയിന്റ് കൺവീനർമാരായ ശ്രീ. മെയ്ബു മാത്യു, ശ്രീ. വർഗീസ് റോയ്, വളരെ ഭംഗിയായായ രീതിയിൽ തന്നെ നമ്മുക്ക് ക്രിസ്മസ് ട്രീ ഡെക്കറേറ്റ് ചെയ്തു തന്ന ശ്രീ. ഷിബു ജേക്കബ് ചാക്കോ ഫുഡ് കൺവീനർ ശ്രീ. തോമസ് മാത്യു കെ. എന്നിവരോടുള്ള നന്ദി ഈ തരുണത്തിൽ അറിയിക്കുന്നു.

2022 ഡിസംബർ മാസം 30-)ം തീയതി അബ്ബാസിയ Aspire International School-ൽ വെച്ച് നടത്തപ്പെട്ട മഹാ ഇടവകയുടെ ക്രിസ്തുമസ് പുതുവത്സര ആഘോഷ പരിപാടിയിൽ എംജിഎം മെലഡീസ് ഗാനം ആലപിക്കുകയുണ്ടായി. കൂടാതെ ഈ വർഷം പരിപാടിയോട് അനുബന്ധിച്ചു ഇടവകയുടെ ആത്മീയ ജീവകാരുണ്യ പ്രസ്ഥാനങ്ങൾക്ക് ക്രിസ്തുമസ് ട്രീ അലങ്കരിക്കുവാൻ അവസരം നൽകിയത് പ്രകാരം എംജിഎം സ്കൂൾ ഹാളിൽ ക്രിസ്തുമസ് ട്രീ അലങ്കരിച്ചു വെക്കുകയും ഇടവകയുടെ ആദരവായി മൊമെന്റോ ലഭിക്കുകയും ഉണ്ടായി. ഇതിനായി പ്രയത്നിച്ച എംജിഎം കമ്മിറ്റി അംഗങ്ങളോടും, എംജിഎം മെലഡീസിനോടുമുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## 14. ഉപരിപഠനത്തിനു പോകുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പ് –

കുവൈറ്റിലെ വിദ്യാഭ്യാസം പൂർത്തിയാക്കി ഉപരി പഠനത്തിനായി നാട്ടിലേക്ക് മടങ്ങിയ എംജിഎം അംഗങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഹൃദ്യമായ യാത്രയയപ്പ് നൽകുകയുണ്ടായി. 2022 ജനുവരി മാസം 20-)ം തീയതി അബ്ബാസിയ ഹൈ-ഡൈൻ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ട പ്രാർത്ഥനയോഗത്തിൽ വെച്ച് കുഞ്ഞുങ്ങൾക്ക് പ്രസ്ഥാനത്തിന്റെ സ്നേഹ ഉപഹാരമായി Gold Cross നൽകുകയുണ്ടായി. റവ. ഫാ. ഡോ. ബിജു ജോർജ് പാറക്കൽ അച്ഛൻ നൽകിയ സന്ദേശം കുട്ടികളുടെ മുമ്പോട്ടുള്ള ജീവത പ്രയാണത്തിന് വളരെയധികം പ്രയോജന പ്രദമായിരുന്നു. ബഹു. അച്ഛനോടുള്ള പ്രസ്ഥാനത്തിന്റെ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നതിനൊപ്പം ഉപരിപഠനത്തിനായി നാട്ടിലേക്ക് പോകുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രസ്ഥാനത്തിന്റെ എല്ലാവിധ ഭാവുകങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

യാത്രയയപ്പു നൽകിയ കുഞ്ഞുങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| Sl. No. | Name of Student | Name of Parents | MGM ID | Prayer Group |
|---|---|---|---|---|
| 01. | Aliza Susan John | John P. Abraham<br>Shermi John | 185/J029 | St. Jude |
| 02. | Amisha Ann Varghese | Abey Varghese Kattapuram<br>Sinny George | 117/A011 | St. Pauls |
| 03. | Angela Abimon | Abimon Joy<br>Preethi Abimon | 338/A032 | St. Dionysius |

| | | | | |
|---|---|---|---|---|
| 04. | Angelina Mariam Manoj | Manoj Mathew<br>Linchu Manoj | 354/M042 | St. Elias |
| 05. | Anna Sara Benny | Benny Varghese<br>Shynimol Andrews | 438/B032 | St. Dionysius |
| 06. | Benett Mathew Varghese | Varghese Abraham<br>Bindu Mathew | 119/V013 | St. Pauls |
| 07. | Edwin Ben Paul | Ben Paul<br>Neethu Ninan | 046/B002 | St. Stephens |
| 08. | Jesslyn Sara Varghese | Praveen Philip Varghese<br>Smitha Mariam John | 248/P010 | St. Andrews |
| 09. | Joel Thomas Jacob | Jacob Thomas<br>Jencymol Jacob | 466/J074 | St. Elias |
| 10. | Jonas Thomas | Thomas E. Chacko<br>Jessy Ponnachan | 486/T032 | St. Thomas |
| 11. | Keziah Elsa Bilu | Bilu Cherian<br>Suja George | 385/B027 | St. Dionysius |
| 12. | Lino Philips Thomas | Philips Thomas<br>Anu Philips | 454/P015 | St. Luke |
| 13. | Linsha Judith Shaji | Shaji George<br>Annamma Shaji | 380/S053 | St. Thomas |
| 14. | Mr.Abel Kurikath Roshan | Roshan K. Varghese<br>Manjurani Pappachan | 220/R012 | St. James |
| 15. | Ms.Angella Susan Roshan | Roshan K. Varghese<br>Manjurani Pappachan | 220/R012 | St. James |
| 16. | Ms.Annette K. Roshan | Roshan K. Varghese<br>Manjurani Pappachan | 220/R012 | St. James |
| 17. | Ms.Blessna Sara Shibu | Shibu Issac<br>Sigy Shibu | 291/S041 | St. Aprem |
| 18. | Ms.Irene Sara Biju | Biju Cherian A.<br>Anita Biju | 224/B011 | St. Josephs |
| 19. | Ms.Irene Susan Jose | Jose P. Joseph<br>Kavitha Rachel Jose | 228/J037 | St. Ignatius |
| 20. | Nathan P. Joji | Joji P. John<br>Shiney Sara Joji | 250/J042 | St. Thomas |
| 21. | Nikhil Ittyrah Varghese | Varghese John P.<br>Mini Varughese | 369/V027 | St. Gregorios |
| 22. | Rebecca Rose John | Manu T. John<br>Bincy Manu | 364/M043 | St. Mark |
| 23. | Rehan Renne Varghese | Renne Varghese K.<br>Reeba Renne | 131/R007 | St. Gregorios |
| 24. | Rinita Abraham | Binu P. Abraham<br>Nancy Thomas | 378/B024 | St. Andrews |
| 25. | Ruth Anna John | Manu T. John<br>Bincy Manu | 364/M043 | St. Mark |
| 26. | Ryan George Lejoe | Lejoe Varghese George<br>Merin Lejoe | 310/L003 | St. Mark |
| 27. | Sian Sara Subin | Subin Philip<br>Sheeba Subin | 371/S051 | St. Pauls |
| 28. | Stallone Thomas Mathew | Mathew V. Thomas<br>Sonia Mathew | 342/M040 | St. James |

## 15. മൂന്ന് നോമ്പും, കൺവെൻഷനും –

പരി. മൂന്ന് നോമ്പിനോട് അനുബന്ധിച്ചു വർഷംതോറും പ്രസ്ഥാനം നടത്തിവരുന്ന കൺവെൻഷൻ തന്നാണ്ടിൽ, "Metanoia '23", എന്ന പേരിൽ ജനുവരി മാസം 28 മുതൽ 31 വരെയുള്ള തീയതികളിൽ NECK, അബ്ബാസിയ സെൻറ്. ബസേലിയോസ് ചാപ്പൽ, സാൽമിയ സെൻറ്. മേരീസ് ചാപ്പൽ എന്നിവടങ്ങളിൽ വെച്ച് നടത്തപ്പെട്ടു. മലങ്കര സഭയിലെ അനുഗ്രഹീത സുവിശേഷ പ്രഭാഷകനും, എറണാകുളം വലയൻചിറങ്ങര ബാലഗ്രാമം ഡയറക്ടറും, അങ്കമാലി ഭദ്രാസനത്തിലെ കിഴക്കമ്പലം ബെത്‌ലെഹേം സെൻറ്. മേരീസ് ഓർത്തഡോക്സ് പള്ളിയുടെ അസിസ്റ്റന്റ് വികാരിയുമായ റവ.

ഫാ. നിതിൻ മാത്യു തോമസ് കൺവെൻഷന് നേതൃത്വം നൽകി. 4 ദിവസങ്ങളായി നടത്തപ്പെട്ട വചന ശുശ്രൂഷ ഇടവക ജനങ്ങളുടെ ആത്മീയ ഉണർവിനും അനുഗ്രഹത്തിന്നും ഉതകുന്നതായിരുന്നു. ഈ വർഷം ഇദംപ്രഥമായി കൺവെൻഷനോട് അനുബന്ധിച്ചു 4 ദിവസങ്ങളിലും വചന ശുശ്രൂഷയിൽ പങ്കെടുത്ത എല്ലാ ഇടവക ജനങ്ങൾക്കും നേർച്ചകഞ്ഞി വിതരണം ചെയ്യുകയുണ്ടായി.

വി. മൂന്ന് നോമ്പ് വിടലിനോട് അനുബന്ധിച്ചു ഫെബ്രുവരി മാസം 1-)o തീയതി വി. കുർബ്ബാനക്ക് ശേഷം സെൻറ്. ജോർജ് ചാപ്പൽ, സെൻറ്. മേരീസ് ചാപ്പൽ എന്നിവടങ്ങളിൽ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പാച്ചോർ നേർച്ചയും വിതരണം ചെയ്യുകയുണ്ടായി.

പ്രസ്തുത കൺവെൻഷൻ വിജയപ്രദമാക്കി തീർക്കുവാൻ നേതൃത്വം നൽകിയ കൺവീനർ ശ്രി. സജു ചെറിയാൻ, ജോയിന്റ് കൺവീനർമാരായ ശ്രി. ജോജോ ജോസഫ് വർഗീസ്, ശ്രി. ജിജോ ജോർജ്, ഫുഡ് കൺവീനർ ശ്രി. സജി ചെറിയാൻ, എംജിഎം മെലഡീസ് എന്നിവരോടുള്ള നന്ദി അറിയിക്കുന്നതിനൊപ്പം കൺവെൻഷനുമായി സഹകരിച്ച എല്ലാവരോടുമുള്ള നന്ദിയും രേഖപെടുത്തുന്നു.

16. **Special Charity Project** –

കിഴക്കിന്റെ വന്ദ്യ കാതോലിക്കയും, മലങ്കര മെത്രാപ്പോലീത്തയും ആയിരുന്ന കാലം ചെയ്ത മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടുള്ള സ്മരണാർത്ഥം, പരി. പിതാവിനോടുള്ള ആദരസൂചകമായി പ്രസ്ഥാനം ആവിഷ്കരിച്ച സ്നേഹസ്മൃതി പദ്ധതിയുടെ ഭാഗമായി അട്ടപ്പാടി സെൻറ്. ഗ്രീഗോറിയോസ് ഇന്ത്യൻ മീഡിയം സ്കൂളിൽ നിർമ്മിച്ചു നൽകിയ കമ്പ്യൂട്ടർ ലാബിന്റെ കൂദാശ കർമ്മം മെയ് മാസം 25-)o തീയതി മലങ്കര സഭയുടെ അടൂർ കടമ്പനാട് ഭദ്രാസന മെത്രാപോലിത്ത അഭി. സക്കറിയാസ് മാർ അപ്രേം തിരുമനസ്സ് കൊണ്ട് കൂദാശ ചെയ്തു ഉത്ഘാടനം നിർവഹിക്കുകയുണ്ടായി. പ്രസ്തുത പ്രോജക്ടിന്റെ വിജയത്തിനായി പ്രവർത്തിച്ച കൺവീനർ ശ്രി. തോമസ് മാത്യു കെ., പ്രൊജക്റ്റ് പൂർണമായും കൈകാര്യം ചെയ്ത പ്രസ്ഥാനത്തിന്റെ 2021-22 വർഷത്തെ ഭരണസമിതി അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹം ഈ തരുണത്തിൽ അറിയിക്കുന്നു.

തന്നാണ്ടിൽ പ്രസ്തുത പ്രോജെക്ടിൽ നിന്നും നീക്കിയിരിപ്പു ആയി ലഭിച്ച തുകയും പ്രസ്ഥാനത്തിന്റെ ഫണ്ടിൽ നിന്നുമുള്ള തുക കൂടി ചേർത്ത് സ്നേഹസ്മൃതി പ്രോജക്ടിന്റെ ഭാഗമായി തന്നെ പുതുപ്പാടി സെൻറ്. ജോർജ് ചാരിറ്റബിൾ ഡയാലിസിസ് സെന്ററിലെ 30 രോഗികൾക്ക് ഡയാലിസിസ് ചെയ്യുവാനുള്ള ചിലവായി INR 1,17,000 ഡയാലിസിസ് സെന്ററിന് അയച്ചു നൽകുകയുണ്ടായി. പ്രസ്തുക ചാരിറ്റി പദ്ധതിക്കായി നേതൃത്വം നൽകിയ ശ്രി. തോമസ് മാത്യു കെ. നോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

17. **ജീവകാരുണ്യ പ്രവർത്തനം** –

വർഷംതോറും പ്രസ്ഥാനം നടത്തി വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി 2022-23 പ്രവർത്തന വർഷത്തിൽ ചികിത്സ, വിദ്യാഭ്യാസം, ഭവന നിർമാണം, വിവാഹം എന്നി ആവശ്യങ്ങൾക്കായി ജാതിമത ഭേദമെന്യേ KD 1,730.878 (INR 4,50,000) നൽകുകയുണ്ടായി. ചാരിറ്റി സബ് കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ച ശ്രി. തോമസ് മാത്യു കെ. ശ്രി. ബിജി പോൾ, ശ്രി. മാത്യു തോമസ് വട്ടയാണിക്കൽ, ശ്രി. കെ. എ. വർഗീസ്, ശ്രി. സജി ചെറിയാൻ, ശ്രി . ഷാജി ജോർജ് എന്നിവരോടുള്ള നന്ദി ഈ തരുണത്തിൽ അറിയിക്കുന്നു.

## 18. New Membership –

2022-23 പ്രവർത്തന വർഷത്തിൽ 14 പേർക്ക് പ്രസ്ഥാനത്തിന്റെ അംഗത്വം നൽകുകയുണ്ടായി. ഒരു നീണ്ട ഇടവേളക്കു ശേഷം പ്രസ്ഥാനത്തിൽ ഇത്രയധികം പുതിയ അംഗങ്ങളെ ചേർക്കുവാൻ സാധിച്ചതിലുള്ള ചാരിതാർഥ്യം ഈ അവസരത്തിൽ പങ്ക് വെക്കുന്നു. ഇതിനായി സഹകരിച്ച എല്ലാ മാനേജിങ് കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നതിനൊപ്പം പ്രസ്ഥാനത്തിലേക്ക് പുതിയതായി കടന്നു വന്ന എല്ലാവരെയും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാൻ ഹാർദ്ദവമായി സ്വാഗതം ചെയ്യുകൊള്ളുന്നു.

പുതിയ അംഗത്വം എടുത്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| Sl. No. | NAME | MGM ID | PRAYER GROUP |
|---|---|---|---|
| 01. | Mr.Thomas E. Chacko | 486/T032 | St. Thomas |
| 02. | Mr.Shyju Koshy | 487/S073 | St. Philipose |
| 03. | Mr.Sibin Mathew | 488/S074 | St. Philipose |
| 04. | Mr.Jikku Jomy George | 489/J078 | St. Dionysius |
| 05. | Mr.Gibi K George | 490/G024 | St. James |
| 06. | Mr.George Joseph | 491/G025 | St. Dionysius |
| 07. | Mr.Rejo John | 492/R035 | St. Dionysius |
| 08. | Mr.Cibin Kurian Mathew | 493/C013 | St. James |
| 09. | Mr.Jimmy Koshy | 494/J079 | St. Andrews |
| 10. | Mr.Jithin Jacob | 495/J080 | St. Pauls |
| 11. | Mr.Cherian Jacob Uluvath | 496/C014 | St. Ignatius |
| 12. | Mr.Abhi Alexander | 497/A046 | St. Elias |
| 13. | Mrs.Mary Mathews | 498/M052 | St. Jude |
| 14. | Mr.Shiju Pappachen | 499/S075 | St.Mark |

## 19. യാത്രയയപ്പ് –

കുവൈറ്റിലെ ഔദ്യോഗിക ജീവിതം പൂർത്തിയാക്കി മടങ്ങിയ പ്രസ്ഥാനത്തിലെ 6 അംഗങ്ങൾക്ക് കുടുംബത്തിനും നടപ്പുവർഷം യാത്രയയപ്പ് നൽകുകയുണ്ടായി.

യാത്രയയപ്പ് നൽകിയവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| Sl. No. | NAME | MGM ID | PRAYER GROUP |
|---|---|---|---|
| 01. | Mr. Reji Oommen M. | 233/R013 | St. Dionysius |
| 02. | Mr. Manu T. John | 364/M043 | St. Mark |
| 03. | Mr. Lejoe Varghese George | 310/L003 | St. Mark |
| 04. | Mr. Roshan K. Varghese | 220/R012 | St. James |
| 05. | Mr. Thomas Varghese Charuvil | 005/T001 | St. Josephs |
| 06. | Mr. Varghese Thomas | 056/V005 | St. Pauls |

## 20. സ്വീകരണം -

നടപ്പുവർഷം പ്രസ്ഥാനത്തിന്റെ ഔദ്യോഗിക പരിപാടികളിലും, പ്രാർത്ഥനയോഗങ്ങളിലും പങ്കെടുക്കുകയും അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി നമ്മെ ധന്യരാക്കുകയും ചെയ്തവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| Sl. No. | NAME OF GUEST |
|---|---|
| 01. | H. H. Moran Mar Baselios Marthoma Mathews III |
| 02. | H. G. Dr. Joseph Mar Dionysius |
| 03. | H. G. Geevarghese Mar Philexinos |
| 04. | H. G. Dr. Abraham Mar Seraphim |
| 05. | Very Rev. Thomas Ramban |
| 06. | Rev. Fr. Joshua John |
| 07. | Rev. Fr. Dinu M. Daniel |
| 08. | Rev. Fr. Geevarghese John Mananthara |
| 09. | Rev. Fr. Tony M. Yohannan |
| 10. | Rev. Fr. Mathew T. Mamoottil |
| 11. | Rev. Fr. Baiju Johnson |
| 12. | Rev. Fr. Mathew M. Mathew |
| 13. | Rev. Fr. John Jacob |
| 14. | Rev. Fr. Dr. Biju George Parackkal |
| 15. | Rev. Fr. Nithin Mathew Thomas |

## 21. അനുമോദനം -

എംജിഎം കുടുംബാംഗങ്ങൾ സഭയുടെയും ഭദ്രാസനത്തിന്റെയും ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്നത് നമ്മുടെ പ്രസ്ഥാനത്തിന് എന്നും അഭിമാനകരമായ നേട്ടമാണ്. അതോടൊപ്പം അവരെ അനുമോദിക്കുന്നത് നമ്മുടെ കർത്തവ്യം കൂടിയാണ്. നടപ്പു വർഷം പരി. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമനസ്സ് കൊണ്ട് പ്രസ്ഥാന അംഗമായ ശ്രീ. മാത്യൂസ് കെ. ഇ-യെ മലങ്കര സഭയുടെ മാനേജിങ് കമ്മിറ്റി അംഗമായും, ഇടവക മെത്രാപോലിത്ത അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമനസ്സ് കൊണ്ട് പ്രസ്ഥാന അംഗമായ ശ്രീ. ദീപക് അലക്സ് പണിക്കറിനെ കൽക്കട്ട ഭദ്രാസന കൌൺസിൽ അംഗമായും നാമനിർദേശം ചെയ്യുകയുണ്ടായി. ഇരുവരെയും ഓഗസ്റ്റ് മാസത്തിലെ പ്രാർത്ഥനയോഗത്തിൽ വെച്ച് എംജിഎം കുടുംബത്തിന്റെ അനുമോദനങ്ങൾ അറിയിക്കുകയും ചെയ്തു. ഇരുവരുടെയും നിയമന കാലയളവിൽ സഭയുടെയും ഭദ്രാസനത്തിന്റെയും എംജിഎം പ്രസ്ഥാനത്തിന്റെയും യശ്ശസ് ഉയർത്തുവാൻ നമ്മുടെ കാവൽ പിതാവായ പരി. പരുമല തിരുമേനിയുടെ കാവലും കോട്ടയും അനുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

## 22. അനുശോചനം –

പ്രസ്ഥാനത്തിന്റെ 2022-23 പ്രവർത്തന വർഷത്തിൽ നമ്മളിൽ നിന്നും കർത്തൃസന്നിധിയിലേക്കു വാങ്ങിപോയ നമ്മുടെ മുൻ അംഗങ്ങളോടും, എംജിഎം അംഗങ്ങളുടെ കുടുംബാംഗങ്ങളോടും ഉള്ള പ്രസ്ഥാനത്തിന്റെ അനുശോചനം രേഖപ്പെടുത്തുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നടപ്പുവർഷം കർതൃസന്നിധിയിലേക്കു ചേർക്കപ്പെട്ട എംജിഎം കുടുംബാംഗങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| Sl. No. | Name of Departed | Relation with MGM Member | Prayer Group |
|---|---|---|---|
| 01. | Mrs. Rachel Joseph | Mother-in-Law of Mr. Sudheer Mathew Kurian | St. Gregorios |
| 02. | Mr. N. K. Oommen | Father-in-Law of Mr. Daniel Varghese | St. Mark |
| 03. | Mrs. Susamma Varghese | Mother of Mr. Roy Varghese Samuel & Mr. Ebey Samuel | St. Dionysius St. Joseph |
| 04. | Mr. T. J. Varghese | Father of Mr. Biju T. Varghese | St. Mark |
| 05. | Mrs. Saramma Oommen | Mother of Mr. M. O. Mathews | St. Thomas |
| 06. | Mr. C. T. Chacko | Father-in-Law of Mr. Manoj Mathew | St. Elias |
| 07. | Mrs. Annamma Varghese | Wife of Mr. Varghese Jacob (Ex-Member) | Kerala Chapter |
| 08. | Mrs. Thankamma Jacob | Mother of Mr. Sandeep Jacob Pulickal (Ex-Member & Ex-MGM Secretary) | Kerala Chapter |
| 09. | Mrs. Susamma Mathew | Mother of Mr. Sibin Mathew | St. Philipose |
| 10. | Mrs. Mariamma Varghese | Mother-in-Law of MGM Trustee Mr. Ninan Thomas | St. Elias |
| 11. | Mrs. Saramma Varghese | Mother of Mr. Benny Varghese | St. Dionysius |
| 12. | Mr. Kuriakose Mushapallil | Father of Mr. Eldho M. Kuriakose | St. Johns |
| 13. | Mr. Alex P. Oommen | Brother of Mr. Oommen Mathew | St. Gregorios |
| 14. | Mr. Oommen E. Samuel | | Kerala Chapter |
| 15. | Mrs. Susan Thomas | Wife of Late Mr. C. T. Thomas & Mother of Mr. Suresh Elias Thomas | St. Josephs |
| 16. | Mr. P. G. Jacob | Father-in-Law of Mr. Ebey Samuel | St. Josephs |
| 17. | Mr. K. J. Kunjoonju | Father of Mr. Sam Kunjoonju | St. James |
| 18. | Mrs. Thankamma Koshy | Mother of Mr. Mathew T. Koshy | Kerala Chapter |
| 19. | Mrs. Kunjamma Chacko | Mother of Mr. Varghese V. C. & Grandmother of Mr. Jacob Varghese (MGM Auditor) | St. Peters |

## 23. കൃതജ്ഞത –

പ്രസ്ഥാനത്തിന്റെ 2022-23 പ്രവർത്തനവർഷത്തെ എല്ലാ സംരംഭങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും ആത്മീയ നേതൃത്വം നൽകുകയും വേണ്ടതായ മാർഗനിർദേശങ്ങൾ നൽകി നമ്മെ നയിച്ച ഇടവക വികാരിയും, പ്രസ്ഥാനത്തിന്റെ പ്രസിഡന്റുമാരായ റവ. ഫാ. ജിജു ജോർജ്, റവ. ഫാ. ലിജു കെ. പൊന്നച്ചൻ, സഹ വികാരി റവ. ഫാ. ഡോ. ബിജു ജോർജ് പാറക്കൽ എന്നിവരോടുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു.

പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടതായ സഹായ സഹകരണങ്ങൾ ചെയ്തു തന്ന മഹാ ഇടവകയുടെ 2022-23 പ്രവർത്തന വർഷത്തെ

ഭരണസമിതിയോടും, മലങ്കര സഭ മാനേജിങ് കമ്മിറ്റി അംഗങ്ങളോടും, ഭദ്രാസന കൌൺസിൽ അംഗങ്ങളോടും, തന്നാണ്ടിലെ ഓഡിറ്റർമാരായ ശ്രീ. ജേക്കബ് ജോർജ്, ശ്രീ. ജേക്കബ് വി. സി, ജോയിന്റ് സെക്രട്ടറി ശ്രീ. സന്തോഷ് കെ. മാത്യു, കൾച്ചറൽ സെക്രട്ടറി ശ്രീ. ദീപക് അലക്സ് പണിക്കർ, ഫെല്ലോഷിപ്പ് കോഓർഡിനേറ്റർ ശ്രീ. സജു ചെറിയാൻ, എക്സ്-ഒഫീഷ്യയോ ശ്രീ. ജോബി ജോൺ, നോമിനേറ്റഡ് കമ്മിറ്റി അംഗങ്ങൾ, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, വെബ്മാസ്റ്റർ ശ്രീ. തോമസ് വർഗീസ് വി., എംജിഎം മെലഡീസ് അംഗങ്ങളോടുമുള്ള പ്രത്യേക നന്ദിയും സ്നേഹവും ഈ തരുണത്തിൽ അറിയിക്കുന്നു.

എല്ലാ കാലവും പ്രസ്ഥാനത്തിന്റെ താങ്ങും തണലുമായി നിന്നുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾക്ക് എല്ലാം പ്രാർത്ഥനാപൂർവമായ സഹായ സഹകരണങ്ങൾ ചെയ്തു തരുന്ന എല്ലാ എംജിഎം അംഗങ്ങളോടും അവരുടെ കുടുംബാംഗങ്ങളോടുമുള്ള പ്രസ്ഥാനത്തിന്റെ നിസ്സീമമായ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

കൂടാതെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളോട് കൂടി സഹകരിച്ച എല്ലാ നല്ലവരായ ഇടവക അംഗങ്ങളോടുമുള്ള നന്ദി ഈ തരുണത്തിൽ അറിയിച്ചു കൊള്ളുന്നു.

24. **ഉപസംഹാരം** –

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കയും, മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായോടും, പരിശുദ്ധ സുന്നഹദോസിനോടും, ഇടവക മെത്രാപോലിത്ത അഭി. അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയോടുമുള്ള എംജിഎം പ്രസ്ഥാനത്തിന്റെ അചഞ്ചലമായ കൂറും ഭക്തിയും പ്രഖ്യാപിക്കുന്നു.

സർവശക്തനായ ദൈവത്തെ മഹത്വപ്പെടുത്തികൊണ്ടും, പരിശുദ്ധ ദൈവമാതാവിൻറെയും, ഇന്ത്യയുടെ കാവൽ പിതാവായ പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെയും, പ്രസ്ഥാനത്തിന്റെ കാവൽപിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെയും, പരിശുദ്ധ വട്ടശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും, ശുദ്ധിമതികളുടെയും മധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടും കരുണാസമ്പന്നനായ ദൈവത്തിൽ പ്രസ്ഥാനത്തെ ഭരമേല്പിച്ചു കൊണ്ടും ഈ റിപ്പോർട്ട് എംജിഎം പൊതുയോഗത്തിനു മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.

മാർ ഗ്രീഗോറിയോസ് മൂവ്മെന്റ്
ഭരണസമിതിക്ക് വേണ്ടി,

ജേക്കബ് റോയ്
എംജിഎം സെക്രട്ടറി